LIBRARY ARCHIVES Kerala Legislative Assembly

ഭരണ നവീകരണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കണമെന്ന ആവശ്യം

3 [705] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മുഴുവൻ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഇതിനോടകം ഭരണ നവീകരണ പരിപാടിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഭരണ നവീകരണ പരിപാടി ആരംഭിച്ച വകുപ്പുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഇതിന്റെ ഭാഗമായി ഏതെങ്കിലും വകുപ്പുകളിൽ നിലവിലുള്ള തസ്തികകൾ വെട്ടി കുറയ്ക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ (website) *www.keralamgp.org*-ൽ ലഭ്യമാണ്.

(ബി) ഭരണ നവീകരണ പരിപാടിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട 16 സർക്കാർ വകുപ്പുകളിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലും അവയുടെ ഉദ്യമങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വിശദമായ പ്രവർത്തന പദ്ധതി സർക്കാർ അംഗീകരിച്ച ശേഷം നിർവ്വഹണത്തിന് തുടക്കം കുറിച്ചിട്ടേയുള്ളൂ. എങ്കിലും സർക്കാർ നവീകരണ പരിപാടിക്കു കീഴിൽ തിരുവനന്തപുരം സിറ്റി പോലീസിന് പൊതുജനങ്ങളുമായി ആശയ വിനിമയം നടത്താൻ അനുവദിച്ച ജാലിക (website) പ്രവർത്തനസജ്ജമായി കഴിഞ്ഞു. വിലാസം: *www.tvmcitypolice.org* കൂടാതെ കളക്ടറേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

(ഇ) ഉത്തരം (ഡി) യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.